**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2386** **13-09-2023 - ൽ മറുപടിയ്ക്ക്**

**കോവിഡാനന്തരകാലത്തെ ജീവിതശൈലീ രോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തര കാലത്ത് പ്രമേഹ ബാധിതരുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | കോവിഡാനന്തരകാലത്ത് പ്രമേഹ രോഗം ഉൾപ്പെടെയുള്ള ജീവിത ശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. കോവിഡ് വൈറസ് മനുഷ്യശരീരത്തിൽ ഉണ്ടാക്കിയ പ്രതിപ്രവർത്തനങ്ങളുടെ ഫലമായിട്ടാണോ അതോ കൂടുതൽ ആളുകൾ കോവിഡ് രോഗത്തെ തുടർന്ന് ആരോഗ്യ പരിശോധനകൾക്ക് എത്തിയതിന്റെ ഫലമായിട്ടാണോ ഈ വർദ്ധനവെന്ന് ശാസ്ത്രീയമായി വിശദീകരിക്കപ്പെട്ടിട്ടില്ല. പോസ്റ്റ് കോവിഡ് സിൻഡ്രോം എന്ന പേരിൽ തരംതിരിച്ചിട്ടുള്ള ഇത്തരം രോഗലക്ഷണവുമായി നിരവധി ആൾക്കാർ ആരോഗ്യ വകുപ്പിനു കിഴിലുള്ള പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ ചികിത്സയ്ക്കായി എത്തിയിട്ടുണ്ട്. |
| (ബി) | പ്രമേഹത്തോടൊപ്പം തന്നെ കുട്ടികളിലും മുതിർന്നവർക്കിടയിലും കാഴ്ചക്കുറവ്, കിഡ്നി തകരാറുകൾ, ഹൃദയാഘാതം, പക്ഷാഘാതം, കൈകാലുകൾ മുറിച്ചു മാറ്റൽ തുടങ്ങിയവയിൽ വർദ്ധനവുണ്ടായിട്ടുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പ്രമേഹത്തോടൊപ്പം തന്നെ കുട്ടികളുടെ ഇടയിലും മുതിർന്നവരുടെ ഇടയിലും നിരവധി രോഗലക്ഷണങ്ങളുമായി ജനങ്ങൾ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാഴ്ചകുറവ്, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, ശ്വാസകോശരോഗങ്ങൾ, മാനസികരോഗങ്ങൾ, ഉറക്കകുറവ് തുടങ്ങി നിരവധി രോഗങ്ങൾ ഈ കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം രോഗലക്ഷണങ്ങൾ ഉള്ളവരെ പരിശോധിക്കുന്നതിനും രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും 1800 ഓളം പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരോഗ്യ വകുപ്പിനു കീഴിൽ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് കോവിഡാനന്തര രോഗസാധ്യതകളെ സംബന്ധിച്ച് പഠനങ്ങൾ നടക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് വിദഗ്ധ | (സി) | കോവിഡാനന്തര രോഗങ്ങളെ കുറിച്ച് പ്രത്യേക പഠനങ്ങൾ ഒന്നും തന്നെ ആരോഗ്യ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് |

| | | | |
|---|---|---|---|
| | ഡോക്ടർമാരുടെയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളുടെയും അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | | ദേശീയവും അന്തർ ദേശീയവുമായ വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് -ന്റെയും അന്താരാഷ്ട്ര പ്രമേഹ ഫെഡറേഷന്റെയും കണക്ക് പ്രകാരം രാജ്യത്ത് പ്രമേഹ രോഗികളിൽ ഉണ്ടായിട്ടുള്ള വർദ്ധനവിനനുസരിച്ച് സംസ്ഥാനത്തും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (ഡി) | ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസും സംയുക്തമായി നടത്തിയ INDIAB സ്റ്റഡി പ്രകാരം സംസ്ഥാനത്ത് 24% ൽ പരം ആളുകൾക്ക് പ്രമേഹമുള്ളതായും 19% പേർക്ക് പ്രി ഡയബറ്റീസ് ഉള്ളതായും കണ്ടെത്തിയിട്ടുണ്ട്. നിലവിലുള്ള പ്രമേഹരോഗത്തിന്റെ പ്രാചുര്യത്തെക്കുറിച്ചുള്ള പഠനത്തെക്കാൾ ഉയർന്ന തോതാണ് INDIAB സ്റ്റഡിയിൽ കണ്ടെത്തിയത്. |
| (ഇ) | ഇതു സംബന്ധിച്ച് പ്രചരിക്കുന്ന വാർത്തകൾ മൂലമുണ്ടാകുന്ന ആശങ്ക ഒഴിവാക്കാൻ ആധികാരികമായ വിവരങ്ങൾ പുറത്തുവിടുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | INDIAB സ്റ്റഡി പ്രസിദ്ധീകരിക്കപ്പെട്ട ഒരു പഠന റിപ്പോർട്ട് ആണ്. ഇത് സംബന്ധിച്ച പ്രചരണങ്ങൾ ആശങ്ക ഉളവാക്കുന്നുവെന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ